QUOTES OF DAYS
MAR 02

നീതിയും സമാധാനവും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ മാത്രം
**ഐഡനോവർ**



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02 MARCH 2024 | VOL 03 | ISSUE 061 | 760

# ഭ്രൂണഹത്യയെ അനുകൂലിക്കുന്ന പിശാചിന്റെ പ്രതിമ




### ഹൂസ്റ്റൺ സർവ്വകലാശാലയിലാണ് സംഭവം ക്രിസ്തീയ വിശ്വാസികൾ പ്രതിഷേധവുമായി രംഗത്ത് വന്നിട്ടുണ്ട്

ടെക്സാസ്: അമേരിക്കയിലെ ടെക്സാസിൽ സ്ഥിതി ചെയ്യുന്ന ഹൂസ്റ്റൺ സർവകലാശാലയിൽ സാത്താനിക രൂപം സ്ഥാപിച്ചതിനെതിരെ പ്രാർത്ഥനയും പ്രതിഷേധവുമായി വിശ്വാസികൾ രംഗത്ത്. ആടിന്റെ സമാനമായി ചുരുണ്ട മുടിയുള്ള സ്ത്രീയുടെ രൂപമുള്ള പ്രതിമ ഷാഹ്സിയാ സിക്കന്ദർ എന്ന വ്യക്തിയാണ് നിർമ്മിച്ചത്. ഭ്രൂണഹത്യ പ്രോത്സാഹിപ്പിക്കുന്ന രൂപമാണിതെന്ന് സിക്കന്ദർ വ്യക്തമാക്കിയിരിന്നു. ലോകത്തിൻറെ മേലുള്ള ആധിപത്യത്തിന്റെ സൂചകമായി ഒരു മെറ്റൽ പ്രതലത്തിലാണ് പ്രതിമവെച്ചിരിക്കുന്നത്. ശില്പത്തിനെതിരെ സർവകലാശാലയിലെ മുൻ വിദ്യാർഥികളും, രാഷ്ട്രീയ നേതാക്കളും അടക്കം രംഗത്ത് വന്നിട്ടുണ്ട്

## CARTOON:

**CONNECTION** — A Joyful 'toon by Mike Waters




I am the vine, ye are the branches: He that abideth in me, and I in him, the same bringeth forth much fruit: for without me ye can do nothing.
- JOHN 15:5 KJV



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
02 MARCH 2024
VOL 03 | ISSUE 061 | 760

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ



ബ്ലസ്സൻ ചെറിയാൻ
കാനഡ

എഡിറ്റോറിയൽ

# തകർക്കുന്നവന് എന്ത് യോഗ്യതയാണ് വേണ്ടത്?

കുറെയേറെ പണിക്കാർ നിന്ന് ഒരു കെട്ടിടം പൊളിക്കുകയാണ്. വഴിപോക്കനായ ഒരാൾ അവരുടെ നേതാവിനോട് ചോദിച്ചു: കെട്ടിടം പൊളിക്കുന്ന ഈ മനുഷ്യരുടെ യോഗ്യത എന്താകുന്നു? എന്ത് പഠിച്ചാലാണ് ഈ ജോലി ചെയ്യുവാൻ യോഗ്യതയുണ്ടാകുന്നത്?

അതിന്റെ നേതാവ് പറഞ്ഞു: കെട്ടിടം പൊളിക്കുന്ന ഈ മനുഷ്യർക്ക് യാതൊരു യോഗ്യതയും ആവശ്യമില്ല. അവർക്ക് ക്രിയാത്മകത ആവശ്യമില്ല അവർക്ക് സമർപ്പണമോ ക്ഷമയോ ആവശ്യമില്ല.

ഈ ജോലി അവർക്കു കൊടുത്താൽ ഒന്ന് രണ്ടു ദിവസത്തിനുള്ളിൽ ഇത് പൊളിച്ചു കയ്യിൽ തരും. എന്നാൽ ഇത് പുതുക്കിപ്പണിയുവാൻ ഇവരെ ഞാൻ ഒരിക്കലും വിളിക്കില്ല. ഇത് ആദ്യം പണിയുവാൻ അധികം കഴിവുള്ള, ക്ഷമയും കാര്യക്ഷമതയുമുള്ള അനേകർ അധികം സമയം എടുത്തു. ഇതിനിയും പുതുക്കിപ്പണിയുവാൻ അതിലേറെ ബുദ്ധിയും കഴിവുമുള്ളവരെ ആവശ്യമാണ്. ഈ ഭൂമിയിൽ കുറെയേറെ മനുഷ്യരുടെ പണിയെന്നത് പൊളിക്കുക എന്നതാണ്.

അനേകം സമർപ്പണവും ക്ഷമയുമുള്ളവർ വീണു മരിച്ചുണ്ടാക്കിയ അനേകം കാര്യങ്ങൾ ഒരു മനഃസാക്ഷിയുമില്ലാതെ അവർ പൊളിച്ചുകളയുന്നു.അനേകം ജീവിതങ്ങളെ അവർ തകർക്കുന്നു.വാക്കുകൾ കൊണ്ട്, പ്രവർത്തികൊണ്ട്, മനോഭാവങ്ങൾ കൊണ്ട് അവർ അതിനെ തകർക്കുന്നു. പക്ഷെ ഒന്നും പണിയുവാൻ അവർ ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുകയില്ല. അവരുടെ കഴിവും ഊർജവുമെല്ലാം അവർ തകർക്കുവാൻ ഉപയോഗിക്കുന്നു. ദൈവകരങ്ങളിൽ പ്രയോജനപ്പെടുവാൻ അവർക്ക് ഒരിക്കലും സാധിക്കയില്ല. അവരുടെ കൂടെയുള്ളവർക്ക് പോലും ഒരു സൗഖ്യമാകുവാൻ അവർക്കു സാധിക്കയില്ല. ഹൃദയം മാറിയില്ലെങ്കിൽ അവസാനം വരെ അവർ തകർക്കുവാൻ പ്രവർത്തിച്ചുകൊണ്ടേ ഇരിക്കും. ഒരു ജീവിതത്തെ, ഒരു ഗ്രാമത്തെ, ഒരു പട്ടണത്തെ അവർ തകർക്കുന്ന തിരക്കിലാണ്. ദുഷ്ഠതയുള്ള പദ്ധതികൾ അവരുടെ മനസ്സിൽ അനുദിനം ഉടലെടുക്കുന്നു. അവരുടെ തകർക്കലിന് നാം പിന്തുണ നൽകരുത്. എന്നാൽ പണിയുന്നവർ അത് കൂസലാക്കാതെ പണിതുകൊണ്ടേ ഇരിക്കും. ഒരു ജീവിതം ഒരു സമയം എന്ന കണക്കിനവർ പണിയുന്നു.

പണിയുന്നവരുടെ പ്രവർത്തി പൂർണമായി വെളിപ്പെടുവാൻ സമയമെടുക്കും. വഴിയേ പോകുന്നവർ പരിഹാസത്തോടെ നോക്കിയാലും ധൃതിപിടിക്കാതെ അടിസ്ഥാനമിട്ട് സമയമെടുത്ത് പടുത്തുയർത്തനം. അതിനായി ദൈവീക ജ്ഞാനവും ആലോചനയും ആവശ്യമാണ്. ദൈവീക പദ്ധതികളുടെ ഭാഗമാകുവാൻ സാധിക്കണം. ദൈവീക നിർമ്മാണങ്ങൾ നമ്മുടെ ചുറ്റും ഉയരണം. തകർക്കുന്തോറും നാം പണിതുകൊണ്ടിരിക്കണം. അർത്ഥമില്ലാത്ത മനുഷ്യർ നമ്മെ സ്വാധീനിക്കരുത്. അവരുടെ വാക്കുകൾ നമ്മെ നയിക്കരുത്. ദൈവത്തിന്റെ മാസ്റ്റർ പ്ലാനുകളുടെ ഭാഗമാകണം. വിശ്വസ്ഥതയോടെ ഓരോ കല്ലുകളും പെറുക്കി വച്ച് പണിയണം. ‘എന്റെ ദൈവത്തിന്റെ കൈ എനിക്കു അനുകൂലമായിരുന്നതും രാജാവു എന്നോടു കല്പിച്ച വാക്കുകളും ഞാൻ അറിയിച്ചപ്പോൾ അവർ: നാം എഴുന്നേറ്റു പണിയുക എന്നു പറഞ്ഞു. അങ്ങനെ അവർ ആ നല്ല പ്രവൃത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി.‘

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ഗ്രീസ്

| | | |
|---|---|---|
| തലസ്ഥാനം | : | ഏഥൻസ് |
| ഭാഷ | : | ഗ്രീക്ക് |
| ജനസംഖ്യ | : | 10.36 മില്യൺ |
| പ്രസിഡണ്ട് | : | കാറ്റെറിന സകെല്ലറോ പൗലോ |
| മതം | : | ക്രിസ്ത്യൻ |

രാജ്യത്ത് ശാശ്വതമായ സമാധാനവും സുരക്ഷിതത്വവും ആവശ്യം. ജനം യേശുവിലേക്ക് എത്തണം. സാമ്പത്തിക സുരക്ഷിതത്വം വേണം. പ്രാർത്ഥിക്കുക.

സഭയെ വിശുദ്ധിക്ക് വേണ്ടി നില നിൽക്കണം. പ്രാർത്ഥിക്കുക. മതങ്ങൾ തമ്മിൽ ഐക്യത്തിൽ നീങ്ങണം.

വളരെക്കുറച്ചുപേർ മാത്രമാണ് സത്യ സുവിശേഷം കേട്ടിട്ടുള്ളത്. വചനം ജനത്തോട് വ്യക്തമായി അവതരിപ്പിക്കുന്ന സുവിശേഷകർ എഴുന്നേൽക്കാനായി പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 02**

‘വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും’.
(മത്താ. 21:22)

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
02 MARCH 2024
VOL 03 | ISSUE 061 | 760




# ഭിന്നതകൾ മറക്കാം; ഒന്നിച്ച് പ്രവർത്തിക്കാം: ബിഷപ്പ് ജെറാൾഡ് ലോബോ

ബംഗളൂരു: അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് രാഷ്ട്ര നിർമ്മാണത്തിനായി ഒന്നിച്ച് പ്രവർത്തിക്കണമെന്ന് ഉഡുപ്പി ബിഷപ്പ് ജെറാൾഡ് ഐസക് ലോബോ. സർവധർമ സൗഹാർദ സമിതി സംഘടിപ്പിച്ച സർവമത സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 'ഒരേ അമ്മയുടെ മക്കളായി നമുക്ക് ജീവിക്കാം. ഇന്ത്യ സമാധാനത്തിന്റെ പൂന്തോട്ടമാണെന്ന് നമ്മുടെ പ്രവർത്തനങ്ങൾ തെളിയിക്കും. ഒരു പൂന്തോട്ടത്തിൽ വിവിധ നിറങ്ങളിലുള്ള പൂക്കൾ ഉണ്ടാകുമ്പോൾ അതിന്റെ ഭംഗി വർദ്ധിക്കും' ബിഷപ്പ് കൂട്ടിച്ചേർത്തു.

ജാതിയുടെയും മതത്തിന്റെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാനാണ് ഹിന്ദു അനുകൂല പാർട്ടി ആഗ്രഹിക്കുന്നതെന്ന് കർണാടക കാത്തലിക് ബിഷപ്പ് കൗൺസിൽ വക്താവ് ഫാ. ഫൗസ്റ്റിൻ ലൂക്കോസ് ലോബോ മാധ്യമങ്ങളോട് പറഞ്ഞു. ഇപ്പോൾ സംസ്ഥാനം ഭരിക്കുന്നത് മതേതര രാഷ്ട്രീയ പാർട്ടിയാണ്. ബിജെപി അധികാരത്തിലിരുന്നപ്പോൾ ഉഡുപ്പിയിൽ നിരവധി വിഭാഗീയ സംഭവങ്ങൾ നടന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ മാറിയിട്ടും, ഹിന്ദു ദൈവങ്ങളെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും കുറിച്ച് മോശമായി സംസാരിച്ചുവെന്ന് വ്യാജമായി ആരോപിച്ച് തീവ്ര ഹിന്ദുത്വ സംഘടനകൾ നടത്തിയ പ്രതിഷേധത്തിന്റെ സമ്മർദ്ദംമൂലം മംഗളൂരുവിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി നടത്തുന്ന സെന്റ് ജെറോസ ഇംഗ്ലീഷ് മീഡിയം ഹയർ പ്രൈമറി സ്കൂളിലെ അധ്യാപികയായ സിസ്റ്റർ മേരി പ്രഭ സെൽവരാജിനെ അധ്യാപക ജോലിയിൽ പുറത്താക്കേണ്ടിവന്നിരുന്നു. മറ്റൊരു സംഭവത്തിൽ വടക്കൻ കർണാടകയിലെ കലബുറഗി ജില്ലയിലെ തീവ്രഹിന്ദു സംഘടന മതപരിവർത്തനത്തിന് സഹായിച്ചതായി ആരോപിച്ച് ഒരു ക്രിസ്ത്യൻ നഴ്സിനെതിരെ പോലീസിൽ പരാതി നല്കിയതായും ഫാ. ലോബോ പറഞ്ഞു. ക്രിസ്ത്യനികൾക്കെതിരായ ആക്രമണങ്ങൾ തുടർച്ചയായി നടക്കുന്ന പശ്ചാത്തലത്തിലാണ് ഇന്റർ ഫെയ്ത്ത് മീറ്റിംഗ് നടത്താനുള്ള ധീരമായ ചുവടുവെപ്പ് നടത്തിയതെന്ന് അദ്ദേഹം പറഞ്ഞു.

ഹിന്ദു, മുസ്ലീം, പ്രൊട്ടസ്റ്റന്റ്, സിഖ് സമുദായങ്ങളുടെ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തതായി സെന്റ് അന്നാസ് പള്ളിയിലെ ഇടവക വികാരിയും മീറ്റിംഗ് സംഘാടകനുമായ ഫാ. ഡെനിസ് ദേശ പറഞ്ഞു. ഇത്തരത്തിലുള്ള കൂടുതൽ മീറ്റിംഗുകൾ രൂപത ആസൂത്രണം ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. അഞ്ച് മാസം മുമ്പാണ് ഈ സംരംഭം ആരംഭിച്ചതെങ്കിലും പ്രദേശത്തെ ആളുകളെ കൂടുതൽ അടുപ്പിക്കുന്നതിൽ തങ്ങൾ വിജയിച്ചതായി സർവധർമ സൗഹാർദ സമിതി പ്രസിഡന്റ് രമേഷ് തിങ്കാലയ പറഞ്ഞു.

കഴിഞ്ഞ വർഷം മെയ് വരെ സംസ്ഥാനം ഭരിച്ചിരുന്നത് ബിജെപി ആയിരുന്നു. തീരദേശ നഗരമായ ഉഡുപ്പി തീവ്രഹിന്ദുത്വ ഗ്രൂപ്പുകളുടെ ശക്തികേന്ദ്രമാണ്. ബിജെപിയുടെ കീഴിൽ, കർണ്ണാടക നിയമസഭ 2022 മെയ് മാസത്തിൽ മതപരിവർത്തന വിരുദ്ധ നിയമം പാസാക്കി. എന്നാൽ, കോൺഗ്രസ് പാർട്ടി അധികാരത്തിലെത്തിയപ്പോൾ നിയമം പിൻവലിച്ചു. 2021 ൽ ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനത്തായിരുന്നു കർണാടക.



# ആണവായുധം പ്രയോഗിക്കാൻ റഷ്യയെ നിർബന്ധിതരാക്കരുത്; പാശ്ചാത്യ രാജ്യങ്ങൾക്ക് മുന്നറിയിപ്പുമായി പുടിൻ

മോസ്കോ: പാശ്ചാത്യ രാജ്യങ്ങൾ ഉക്രെയ്നിൽ റഷ്യക്കെതിരെ സൈന്യത്തെ അയച്ചാൽ ആണവ യുദ്ധത്തിലേക്ക് കടക്കേണ്ടി വരുമെന്ന മുന്നറിയിപ്പുമായി റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ. റഷ്യൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് രണ്ടാഴ്ച്ച മാത്രം ബാക്കി നിൽക്കെ രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.യൂറോപ്യൻ നാറ്റോ അംഗങ്ങൾ ഉക്രെയ്നിലേക്ക് കരസേനയെ അയക്കണമെന്ന ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ നിർദേശത്തിന് പിന്നാലെയാണ് മുന്നറിയിപ്പുമായി പുടിൻ രംഗത്തെത്തിയത്.

# കൊത്തന്നൂരിൽ സുവിശേഷയോഗം

ബംഗ്ളൂരു : ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് യുവജന വിഭാഗമായ വൈപിഇയുടെ ആഭിമുഖ്യത്തിൽ ഇന്നും നാളെയും കൊത്തന്നൂർ കെ. ആർ. സി ചർച്ച് ഓഫ് ഗോഡ് ഹാളിൽ സുവിശേഷയോഗം.

ദിവസവും വൈകിട്ട് ആറു മുതൽ ഒൻപതുവരെ നടക്കുന്ന യോഗത്തിൽ പാസ്റ്റർമാരായ ജോ തോമസ് ( ബംഗളൂരു ),സാജൻ ജോയ് (ബംഗളൂരു) എന്നിവരാണ് ദൈവവചനം പ്രസംഗിക്കുന്നത്.

ബ്ര.സാംസൺ ചെങ്ങന്നൂർ ഗാനശുശ്രൂഷ നിർവഹിക്കും. വൈപിഇ പ്രസിഡന്റ് പാസ്റ്റർ വിൽസൺ കെ.ചാക്കോ,സെക്രട്ടറി ബ്രദർ ജെസ്വിൻ ഷാജി,ട്രഷറർ ബ്രദർ കെ.എസ്.സൂരജ്,വൈ.പി. ഇ ബോർഡ് അംഗങ്ങളായ ജോസ് വി.ജോസഫ്,പാ.ജോബിൻ വിൽസൺ,പാ.ജോബി സാമുവേൽ,സാം തോമസ് എന്നിവർ നേതൃത്വം നൽകും.

# വൈദികനെ വാഹനമിടിപ്പിക്കാൻ ശ്രമിച്ച 17 വിദ്യാർഥികൾ ജയിലിൽ തന്നെ; പ്ലസ് ടു പരീക്ഷ എഴുതുന്നതിൽ അനിശ്ചിതത്വം

കോട്ടയം: ഇന്ന് പ്ലസ് ടു പരീക്ഷയ്ക്കായി വിദ്യാർഥികൾ സ്കൂളിൽ പോകുമ്പോൾ കോട്ടയത്ത് 17 കുട്ടികൾ ജയിലിൽ തുടരുകയാണ്. പൂഞ്ഞാറിൽ വൈദികനെ വണ്ടിയിടിപ്പിക്കാൻ ശ്രമിച്ചെന്ന പരാതിയിൽ പൊലീസ് കേസെടുത്ത 27 പേരിൽ പ്രായപൂർത്തിയാകാത്ത 10 പേർക്ക് മാത്രമാണ് ജാമ്യം ലഭിച്ചത്. എന്നാൽ ബാക്കിയുള്ളവർക്ക് ഇന്ന് ജാമ്യം ലഭിച്ചാലും പരീക്ഷ എഴുതാൻ പറ്റുമോയെന്ന കാര്യത്തിൽ അനിശ്ചിതത്വം. ഇന്നലെ ചേർന്ന സർവകക്ഷി യോഗത്തിൽ ജയിൽ കഴിയുന്ന കുട്ടികൾക്ക് പിന്നീട് പരീക്ഷ എഴുതാൻ അവസരമൊരുക്കുമെന്ന മന്ത്രി വാസവന്റെ വാക്കുകളിലാണ് വീട്ടുകാരുടെ പ്രതീക്ഷ.

വധശ്രമക്കേസ് അടക്കം പുനഃപരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു .പള്ളി ഗ്രൗണ്ടിൽ കാറും ബൈക്കുമായി യുവാക്കൾ നടത്തിയ അഭ്യാസപ്രകടനം തടഞ്ഞ വൈദികനെ വാഹനം ഇടിപ്പിച്ചതായാണ് കേസ് .പരിക്കേറ്റ പൂഞ്ഞാർ സെൻറ്. മേരീസ് ഫൊറോനാ പള്ളി സഹവികാരി ഫാദർ ജോസഫ് ആറ്റുച്ചാലിൽ ചേർപ്പുങ്കലിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു.

# ഗ്യാൻവാപി മസ്ജിദിൽ പൂജയ്ക്ക് അനുമതി; ഹർജി ഇന്ന് പരിഗണിക്കും



ഗ്യാൻവാപി മസ്ജിദിൽ പൂജയ്ക്ക് അനുമതി നൽകിയതിനെതിരായ മസ്ജിദ് കമ്മിറ്റിയുടെ ഹർജി ഇന്ന് സുപ്രിംകോടതി പരിഗണിക്കും. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിക്കുക. വരാണസി ജില്ലാകോടതി പൂജക്ക് അനുമതി നൽകിയത് അലഹബാദ് ഹൈക്കോടതി കഴിഞ്ഞ ദിവസം ശരിവെച്ചിരുന്നു. ഇതിന് പിന്നാലെയാണ് മസ്ജിദ് കമ്മിറ്റി സുപ്രിം കോടതിയെ സമീപിച്ചത്.

# ക്യാൻസർ വീണ്ടും വരുന്നത് തടയാൻ 100 രൂപയുടെ ഗുളിക; ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട്



മുംബൈ: കാൻസർ അതിജീവിച്ചവർക്ക് വീണ്ടും രോ?ഗം ബാധിക്കുന്നത് 30 ശതമാനത്തോളം പ്രതിരോധിക്കാൻ കഴിവുള്ള മരുന്ന് കണ്ടെത്തിയതായി മുൻനിര കാൻസർ ചികിത്സാ ആശുപത്രിയായ മുംബൈ ടാറ്റ മെമ്മോറിയൽ സെൻററിലെ ഗവേഷകർ അറിയിച്ചു. വെറും 100 രൂപ മാത്രമാണ് ഗുളികയ്ക്ക് വില വരുന്നത്. ഈ ഗുളിക കഴിച്ചാൽ രോ?ഗത്തെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് ഗവേഷകർ അവകാശപ്പെടുന്നത്.

റേഡിയേഷൻ, കീമോ തെറാപ്പി എന്നിവയുടെ പാർശ്വഫലങ്ങൾ കുറയ്ക്കാൻ കഴിയും.10 വർഷം എടുത്താണ് മരുന്ന് വികസിപ്പിച്ചത്.? ഏറ്റവും ചെലവ് കുറഞ്ഞ കാൻസർ ചികിസ്തയാണ് ഇതെന്നും ഗവേഷക സംഘത്തിലെ അം?ഗവും ടാറ്റാ മെമ്മോറിയൽ സെന്ററിലെ സീനിയർ സർജനുമായ ഡോ. രാജേന്ദ്ര ബാഡ്വെ പറഞ്ഞു.വായ, ശ്വാസകോശം, പാൻക്രിയാസ് എന്നിവയെ ബാ?ധിക്കുന്ന കാൻസറിന് ഈ മരുന്ന് കൂടുതൽ ഫലപ്രദമാണ്. മരുന്ന് ഉപയോ?ഗത്തിനുള്ള അനുമതിക്കായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ് അതോറിറ്റി ഓഫ് ഇന്ത്യ അപേക്ഷിച്ചിട്ടുണ്ട്. മൂന്ന് മാസത്തിനകം വിപണയിൽ എത്തിക്കാം എന്നാണ് പ്രതീക്ഷ. ‘ഒരു ദശാബ്ദത്തോളമായി ടാറ്റ ഡോക്ടർമാർ ഈ ടാബ്ലെറ്റ് കണ്ടെത്താനായി പ്രവർത്തിക്കുകയായിരുന്നു.

ടാബ്ലെറ്റ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ  അനുമതിക്കായി കാത്തിരിക്കുകയാണ്. ഈ ടാബ്ലെറ്റിന് അംഗീകാരം നൽകാൻ ടി ഐ എഫ് ആർ ശാസ്ത്രജ്ഞർ എഫ് എസ് എസ് എ ഐയിൽ അപേക്ഷിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചതിന് ശേഷം ഇത് ജൂൺ  ജൂലൈ മുതൽ വിപണിയിൽ ലഭ്യമാകും . മനുഷ്യരിലെ കാൻസർ കോശങ്ങൾ എലികളിൽ കടത്തി വിട്ടായിരുന്നു പരീക്ഷണം. തുടർന്ന് കീമോ തെറാപ്പിയും റേഡിയോ തെറാപ്പിയും നടത്തിയതോടെ കാൻസർ കോശങ്ങൾ നശിച്ച് ക്രൊമാറ്റിവ്! കണികകളായി. അവ രക്തത്തിലൂടെ ശരീരത്തിന്റെ മറ്റിടങ്ങളിലെ ആരോ?ഗ്യകരമായ കോശങ്ങളിൽ പ്രവേശിക്കുകയും കാൻസർ മാറുകയും ചെയ്തു എന്നാണ് ഡോ. രാജേന്ദ്ര ബാഡ്വെ പറഞ്ഞിരിക്കുന്നത്.

# രണ്ട് കുട്ടികളിൽ കൂടുതലുണ്ടോ? ഇനി സർക്കാർ ജോലിയില്ല: നിയമത്തിന് സുപ്രീം കോടതി അംഗീകാരം നൽകി



ന്യൂഡൽഹി: രാജസ്ഥാൻ സർക്കാരിന്റെ 'രണ്ടുകുട്ടി നയ'ത്തിന് സുപ്രീംകോടതിയുടെ അംഗീകാരം. രണ്ട് കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ സർക്കാർ ജോലിക്ക് അർഹതയില്ലെന്ന 1989ലെ നിയമത്തിനാണ് അംഗീകാരം ലഭിച്ചത്.
നിയമത്തെ ചോദ്യം ചെയ്തുള്ള ഹർജി പരിഗണിക്കവേയായിരുന്നു സുപ്രീം കോടതിയുടെ തീരുമാനം. നിയമം വിവേചനപരമല്ലെന്ന് കോടതി വ്യക്തമാക്കി. ജസ്റ്റിംസ് സൂര്യ കാന്ത്, ദിപാങ്കർ ദത്ത, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചിന്റേതാണ് വിധി.
2022 ഒക്ടോബർ 12ന് പുറത്തുവന്ന രാജസ്ഥാൻ ഹൈക്കോടതി വിധിയെ ശരിവച്ച സുപ്രീംകോടതി മുൻ സൈനികനായ രാംജി ലാൽ സമർപ്പിച്ച ഹർജി തള്ളുകയും ചെയ്തു.
2017 ജനുവരിയിൽ പ്രതിരോധ സേനയിൽ നിന്ന് വിരമിച്ച രാംജി ലാൽ, 2018 മെയ് മാസത്തിൽ രാജസ്ഥാൻ പോലീസിന്റെ കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ 2002 ജൂൺ ഒന്നിന് ശേഷം അദ്ദേഹത്തിന് രണ്ടിൽ കൂടുതൽ കുട്ടികളുണ്ടായതിനാൽ 1989ലെ രാജസ്ഥാൻ പോലീസ് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം അപേക്ഷ നിരസിക്കപ്പെട്ടു. ഈ സാഹചര്യത്തിലായിരുന്നു രാംജി ലാൽ സുപ്രീം കോടതിയെ സമീപിച്ചത്. പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില ഹർജികൾ പരിഗണിച്ചപ്പോഴും സമാനമായ തീരുമാനമാണ് നേരത്തെ സ്വീകരിച്ചിട്ടുള്ളതെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണിതെന്നും കോടതി പറഞ്ഞു.

# ബംഗ്ലാദേശിൽ ഏഴുനില കെട്ടിടത്തിൽ തീപിടിത്തം; 43 പേർ മരിച്ചു



ധാക്ക : ബംഗ്ലാദേശിൽ ഏഴുനില വാണിജ്യ കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ 43 പേർ മരിച്ചു. നിരവധി പേർക്ക് പരുക്കേറ്റു. ധാക്കയ്ക്ക് സമീപം ബെയ്‌ലി റോഡിലെ കെട്ടിടത്തിനാണ് തീപിടിച്ചത്. 75 പേരെ കെട്ടിടത്തിൽ നിന്നും രക്ഷപ്പെടുത്തി. ഇന്നലെ രാത്രി പത്ത് മണിയോടെയാണ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റിൽ നിന്നും തീ ഉയർന്നത്. ഇത് പിന്നാലെ മറ്റ് നിലകളിലേക്കും പടരുകയായിരുന്നു. 13 യൂണിറ്റ് അഗ്നിരക്ഷാ സേന എത്തിയാണ് തീ നിയന്ത്രണവിധേയമാക്കിയത്. മണിക്കൂറുകൾ നീണ്ട ശ്രമത്തിനൊടുവിലാണ് തീ നിയന്ത്രണവിധേയമാക്കാനായത്. പരുക്കേറ്റ 40 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്.

# റ്റി.പി.എം ചെന്നൈ സാർവ്വദേശീയ കൺവൻഷൻ

ചെന്നൈ : ദി പെന്തെക്കൊസ്ത് മിഷൻ സഭയുടെ സാർവ്വദേശീയ കൺവൻഷനും ദൈവിക രോഗശാന്തി ശുശ്രൂഷയും മാർച്ച് 6 മുതൽ 10 വരെ ചെന്നൈ താമ്പരത്തിനു സമീപം ഇരുമ്പല്ലിയൂർ റ്റി.പി.എം സഭ ആസ്ഥാനത്ത് നടക്കും.ദിവസവും വൈകിട്ട് 6 ന് സുവിശേഷ പ്രസംഗം, രാവിലെ 7 ന് ബൈബിൾ ക്ലാസ്, 9.30 ന് പൊതുയോഗം, വൈകിട്ട് 3 ന് കാത്തിരിപ്പ് യോഗം, വൈകിട്ട് 3 നും രാത്രി 10 നും യുവജന മീറ്റിംഗ് എന്നിവ നടക്കും. പ്രസംഗം തത്സമയം ഇംഗ്ലീഷ്, തമിഴ്, മലയാളം, ഹിന്ദി, തെലുങ്ക്, കന്നഡ, പഞ്ചാബി, സിംഹള, നേപ്പാളി, നാഗാമിസ് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തും. ചീഫ് പാസ്റ്റർ എബ്രഹാം മാത്യു, ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.റ്റി തോമസ്, അസോസിയറ്റ് ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ജി.ജെയം എന്നിവർ കൺവൻഷന് നേതൃത്വം നൽകും.

# ഷാർജയിൽ റിവൈവ് 2024

ഷാർജ്ജ: ഐപിസി ഗിൽഗാൽ ഷാർജ്ജ, റാസൽ ഖൈമ സഭയുടെ ആഭിമുഖ്യത്തിൽ റിവൈവ് 2024 കൺവൻഷൻ ഏപ്രിൽ 22, 23, 24 തീയതികളിൽ വൈകിട്ട് 7:30 മുതൽ ഷാർജ്ജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. യു.എ.ഇ. റീജിയൺ പ്രസിഡണ്ട് പാസ്റ്റർ വിൽസൺ ജോസഫ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ ജോൺ വർഗീസ് അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ ജോയി പാറക്കൽ പ്രസംഗിക്കും. ഐപിസി ഗിൽഗാൽ ക്വയർ ഗാനങ്ങൾ ആലപിക്കും. വിവരങ്ങൾക്ക്: പാ. ജോൺ വർഗീസ് 501892016; ഇവാ. സാജൻ ജോർജ് 05756808; ബ്രദ. സിബി മാത്യു 502195883

# ഗാസയിൽ വെടിവെപ്പിൽ 104 പേർ കൊല്ലപ്പെട്ടു



ഗാസ സിറ്റി : ഗാസയിൽ ഇസ്രയേൽ സേന നടത്തിയ വെടിവെപ്പിൽ 104 പേർ കൊല്ലപ്പെട്ടു. 700 ഓളം പേർക്ക് പരിക്കേറ്റതായി പാലസ്തീൻ ആരോഗ്യ പ്രവർത്തകർ പറഞ്ഞു. വ്യാഴാഴ്ച ഭക്ഷണവിതര കേന്ദ്രത്തിൽ കാത്തുനിൽക്കുകയായിരുന്ന പാലസ്തീനികൾക്ക് നേരെ ആണ് ഇസ്രയേൽ അക്രമം നടത്തിയത്. വെടിവെപ്പ് ഉണ്ടായ കാര്യം ഇസ്രയേൽ സൈന്യവും സ്ഥിരീകരിച്ചിട്ടുണ്ട്.

# സ്വകാര്യ ആശുപത്രികളിലെ അമിത നിരക്ക് നിയന്ത്രിക്കാൻ സുപ്രീംകോടതി



തിരുവനന്തപുരം : സ്വകാര്യ ആശുപത്രികളിലെ അതിഭീമമായ ചികിത്സാനിരക്ക് നിയന്ത്രിക്കാൻ സുപ്രീം കോടതിയുടെ ഇടപെടൽ. കേന്ദ്ര സർക്കാർ ഒരു സ്റ്റാൻഡേർഡ് നിരക്ക് നിശ്ചയിക്കണമന്ന് നിർദേശം നൽകി. സ്വകാര്യസർക്കാർ ആശുപത്രികളിലെ നിരക്കുകൾ താരതമ്യം ചെയ്തുകൊണ്ടാണ് കോടതിയുടെ നിർദേശം. പരിഹാരം കണ്ടില്ലെങ്കിൽ സെൻട്രൽ ഗവ. ഹെൽത്ത് സ്കീമിൽ (സി.ജി.എച്ച്.എസ്) നിഷ്ക്കർഷിക്കുന്ന ചികിത്സാനിരക്ക് ഏർപ്പെടുത്താൻ ഉത്തരവിടേണ്ടി വരുമെന്നും മുന്നറിയിപ്പ് നൽകി.

# ജെഎൻയുവിൽ സംഘർഷം; നിരവധി വിദ്യാർഥികൾക്ക് പരിക്ക്



ഡൽഹി : ജവഹർലാൽ നെഹ്റു സർവകലാശാലയിൽ സംഘർഷത്തിൽ നിരവധി വിദ്യാർഥികൾക്ക് പരിക്കേറ്റു. ക്യാമ്പസ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗത്തിനിടെയാണ് സംഘർഷമുണ്ടായത്. ഇന്നലെ രാത്രിയാണ് സംഘർഷം ഉണ്ടായത്. എബിവിപി പ്രവർത്തകരാണ് സംഘർഷമുണ്ടാക്കിയതെന്ന് ഇടത് സംഘടനകൾ ആരോപിച്ചു. സ്കൂൾ ഓഫ് ലാംഗ്വേജിലെ തെരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പിനെച്ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്നുണ്ടായ തർക്കം നിയന്ത്രണാതീതമാവുകയും അക്രമത്തിലേക്ക് നീങ്ങുകയുമായിരുന്നു. വിദ്യാർഥികളെ സഫ്ദർജംഗ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് സർവകലാശാലയിലെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷൻ സംഭവത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. പരിക്കേറ്റ വിദ്യാർഥികളുടെ എണ്ണവും സ്ഥിരീകരിച്ചിട്ടില്ല.

# എ.ജി.ഐ.എഫ്.എൻ.എ 2024 ലോക്കൽ കമ്മറ്റിയെ തിരഞ്ഞെടുത്തു

ന്യൂയോർക്ക്: ആഗസ്റ്റ് ഒന്നുമുതൽ നാലുവരെ ന്യൂയോർക്കിലെ എല്ലെൻവില്ലിൽ ഹോനേഴ്സ് ഹേവൻ റിസോർട്ടിൽ നടക്കുന്ന ഇരുപതിയാറാമത് എജി ഐ എഫ് എൻ എ കോൺഫറൻസിന്റെ ലോക്കൽ കമ്മറ്റിയെ തിരഞ്ഞെടുത്തു. പാ. മനോജ് തോമസ്,ഡേവിഡ് കട്ടക്കയം, ലോക്കൽ സെക്രട്ടറി ജേക്കബ് കൊച്ചുമ്മൻ,ലോക്കൽ ട്രഷറർ ജോർജ് ചാക്കോ എന്നിവരാണ് പ്രാദേശിക ഭാരവാഹികൾ.വിവിധ ഡിപ്പാർട്ടുമെന്റുകളിലെ കോർഡിനേറ്റർമാരെയും തിരഞ്ഞെടുത്തു.
ഫെബ്.24 നു ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡിൽ നടന്ന യോഗത്തിലായിരുന്നു തെരെഞ്ഞെടുപ്പ്. എ ജി ഈസ്റ്റേൺ റീജിയണിലെ സഭകളിൽ നിന്നുള്ള ശുശ്രൂഷകരും പ്രധിനിധികളും പങ്കെടുത്തു.
നാഷണൽ കൺവീനർ റവ.ക്യാപ്റ്റൻ സ്റ്റാൻലി ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ജോർജ് .പി ചാക്കോ ആമുഖ സന്ദേശം നൽകി.റവ.കെ. കെ സാമുവേൽ,റവ.വിൽസൺ ജോസ്,റവ.കെ.പി ടൈറ്റസ് എന്നിവരും പ്രസംഗിച്ചു.ജോമോൻ ഗീവർഗീസ്,സന്തോഷ് എബ്രഹാം എന്നിവർ ഗാനശുശ്രുഷയ്ക്കു നേതൃത്വം നൽകി.
കോൺഫറൻസ് ലോജിസ്റ്റിക് ഡയറക്ടർ പാ.ജോർജ് എബ്രഹാം,ജനറൽ കോർഡിനേറ്റർ പ്രൊഫ.സണ്ണി എ മാത്യൂസ് എന്നിവർ തിരഞ്ഞെടുപ്പ് കാര്യങ്ങൾ നിയന്ത്രിച്ചു.

ക്രിസ്ത്യൻ ലൈവ് DAILY ON THE BATTLEFIELD FOR THE GREAT COMMISSION | 07
02 MARCH 2024
VOL 03 | ISSUE 061 | 760

# ഐ.പി.സി. സൺഡേ സ്കൂൾ അസോസിയേഷൻ കണ്ണൂർ മേഖല അദ്ധ്യാപക സമ്മേളനം

കണ്ണൂർ : ഐ പി സി സൺഡേ സ്കൂൾ അസോസിയേഷൻ കണ്ണൂർ മേഖല അദ്ധ്യാപക സമ്മേളനം രാവിലെ 10 മുതൽ ഐപിസി നെല്ലിക്കുന്ന്, കണ്ണൂർ സഭാഹാളിൽ നടക്കും. ഐ പി സി കണ്ണൂർ സെന്റർ വൈസ് പ്രസിഡണ്ട് പാസ്റ്റർ പി.ജെ ജോസ് അധ്യക്ഷത വഹിക്കും.ഗുഡ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ സജി മത്തായി കാതേട്ട് ക്ലാസ്സുകൾ നയിക്കും. 'ആധുനിക കാലഘട്ടത്തിൽ സൺഡേ സ്കൂൾ എങ്ങനെ ചലനാത്മകം ആക്കാം' എന്നതാണ് വിഷയം.ഭാരവാഹികൾ പാ. ജോർജ് മാത്യൂ, മദുസൂദനൻ പി,മോൻസി ടി .ജെ, ജയ്മോൻ ലൂക്കോസ്, ലിജോമോൻ പി എസ് എന്നിവർ നേതൃത്വം നൽകും.

# പ്രാർത്ഥനാസംഗമത്തിന്റെ മുഴുരാത്രി പ്രാർത്ഥന

ഷാർജ: ഇന്റെർനാഷണൽ പ്രയർ ഫെലോഷിപ്പിന്റെ പ്രാർത്ഥനാസംഗമം ഒരുക്കിയ മുഴുരാത്രി പ്രാർത്ഥന ഇന്നലെ രാത്രി 8 :30 മുതൽ ഇന്ന് രാവിലെ ആറു വരെ നടന്നു. രാജ്യങ്ങൾക്ക് വേണ്ടിയും കുടുംബങ്ങൾക്കയും തലമുറകൾക്കായും മറ്റുള്ളവരെ വിഷയങ്ങൾക്ക് വേണ്ടിയും പ്രത്യേകിച്ച് ഭാരതത്തിനു വേണ്ടിയും ഉള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകി.

# അരാവലി പാസ്റ്റേഴ്സ് & ഫാമിലി കോൺഫ്രൻസ്

ഉദയപ്പൂർ: അരാവലി പാസ്റ്റേഴ്സ് & ഫാമിലി കോൺഫ്രൻസ് ഏപ്രിൽ 18 മുതൽ 20 വരെ ഉദയപ്പൂർ അങ്ങളഅ ക്യാമ്പസിൽ നടക്കും. പാസ്റ്റർ എബി സാമുവേൽ മുഖ്യപ്രഭാഷണം നടത്തും. ഏബെൽ വിൻസെന്റ് ഗാനശുശ്രൂഷ നിർവഹിക്കും. പാസ്റ്റർ ബിജു വർഗീസ്, ജോസഫ് ഡാനിയേൽ എന്നിവർ നേതൃത്വം നൽകും.

# പഞ്ചാബിൽ ആം ആദ്മി നേതാവ് ഗുർപ്രീത് ചോളയെ വെടിവെച്ചു കൊന്നു



പഞ്ചാബ് : പഞ്ചാബിൽ ആം ആദ്മി നേതാവിനെ വെടിവച്ചു കൊലപ്പെടുത്തി. പ്രാദേശിക നേതാവ് ഗുർപ്രീത് ചോളയാണ് കൊല്ലപ്പെട്ടത്. കാറിൽ സഞ്ചരിക്കുമ്പോഴാണ് അപ്രതീക്ഷിത ആക്രമണം ഉണ്ടായത്. തരൺതരൺ ജില്ലയിലാണ് സംഭവം. റെയിൽവേ ക്രോസിങ്ങിന് സമീപത്തു വച്ച് ഗുർപ്രീത് ചോള സഞ്ചരിച്ചിരുന്ന കാർ തടഞ്ഞു നിർത്തി വെടിവയ്ക്കുകയായിരുന്നു. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.


## മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മിയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800







തയ്യാറാക്കിയത്:
ജോൺസി റോബിൻസൺ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **വെളിപ്പാട് 13 - 15**

1. ജയിച്ചവർ എന്ത് പിടിച്ചു കൊണ്ടാണ് പളുങ്ക് കടൽത്തീരത്ത് നിന്നത്?
2. സിംഹാസനത്തിന്റെ മുൻപാകെ പുതിയ പാട്ട് പാടുവാൻ കഴിഞ്ഞവരുടെ പ്രത്യേകത എന്താണ്?
3. സർവ്വഭൂമിയും എന്തിനെ കണ്ടാണ് വിസ്മയിച്ചത്?
4. ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നു എന്ന് പറഞ്ഞ ദൂതൻ എവിടെ നിന്നാണ് പുറപ്പെട്ടത് ?
5. മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുക്കാൻ ബലം ലഭിച്ചത് ആർക്കാണ് ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. 1260 ദിവസം (12:6)
2. തീ നിറം (12:3)
3. ചെറുപുസ്തകം (10:10)
4. ഭൂമി (12:16)
5. 2 (11:9)

# CHRISTIAN LIVE DAILY

02 MARCH 2024
VOL 03
ISSUE 061 | 760

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220




PUBLISHED BY ON BEHALF OF CHRISTIANLIVE MEDIA INTERNATIONAL PVT. LTD., MOB : +91 98465 52220